# *ജനങ്ങളും ഗവൺമെന്റും തമ്മിലുള്ള അകലം കുറയ്ക്കുകയാണ് ജനസമ്പർക്ക പരിപാടിയുടെ ലക്ഷ്യം : മുഖ്യമന്ത്രി*

ഗവൺമെന്റും ജനങ്ങളും തമ്മിലും ജനങ്ങളുടെ പ്രശ്നങ്ങളും അധികാരവും തമ്മിലുള്ള അകലം കുറയ്ക്കുക എന്ന വലിയ ലക്ഷ്യമാണ് ജനസമ്പർക്ക പരിപാടിക്കുള്ളതെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. വയനാട് ജില്ലയിലെ കൽപ്പറ്റയിൽ അഞ്ചാമത് ജനസമ്പർക്ക പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജനങ്ങളുടെ ചിന്താഗതിയും എന്താഗ്രഹിക്കുന്നു എന്നത് മനസ്സിലാക്കുകയും ചെയ്യുക എന്നതും ജനസമ്പർക്ക പരിപാടിയുടെ ഉദ്ദേശ്യമാണ്. ഡിസംബർ 22 ന് 14 ജില്ലകളിലും പരിപാടി അവസാനിക്കുന്നതോടെ ലഭിക്കുന്ന അനുഭവസമ്പത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ പുതിയ നയപരിപാടികൾ ആവിഷ്കരിക്കും. നിലവിൽ ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടേയും സുഗമമായ പ്രവർത്തനത്തിന് നിരവധി ചട്ടങ്ങളും നിയമങ്ങളും തടസ്സമാവുന്നുണ്ട്. ജനസമ്പർക്ക പരിപാടിയിലൂടെ ഇത്തരം പ്രായോഗിക പ്രശ്നങ്ങൾ മനസ്സിലാക്കി ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ കൊണ്ടുവരുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ജനങ്ങളുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ ഒരിക്കലുമാവില്ല. എന്നാൽ തങ്ങളുടെ പ്രശ്നങ്ങൾ പരിശോധിക്കാനും പരിഗണിക്കപ്പെടാനും എല്ലാവർക്കും അവസരം ലഭിക്കണം. പരിഹരിക്കാനാവാത്ത പ്രശ്നങ്ങളുടെ കാര്യത്തിൽ അതിന്റെ സാഹചര്യം വിശദീകരിച്ചുകൊടുക്കണം. അധികാര കേന്ദ്രങ്ങൾ തങ്ങളെ അവഗണിക്കുകയാണെന്ന തോന്നൽ ജനങ്ങൾക്കുണ്ടാവുന്നത് ജനാധിപത്യ വ്യവസ്ഥിതിക്ക് നല്ലതല്ലെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

ചടങ്ങിൽ എം.വി.ശ്രേയാംസ്കുമാർ എം.എൽ.എ. അദ്ധ്യക്ഷനായിരുന്നു. മന്ത്രി പി.കെ.ജയലക്ഷ്മി ചടങ്ങിൽ ധനസഹായ വിതരണത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. എം.ഐ.ഷാനവാസ്.എം.പി. മുഖ്യപ്രഭാഷണം നടത്തി. എം.എൽ.എ. ഐ.സി. ബാലകൃഷ്ണൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.എൽ.പൗലോസ് തുടങ്ങിയവർ ആശംസ നേർന്നു.

ജനസമ്പർക്ക പരിപാടിക്കായി പുലർച്ചമുതലേ കൽപ്പറ്റ എസ്.കെ.എം.ജെ.സ്കൂൾ ഗ്രൗണ്ടിൽ വൻജനതിരക്കാണ് അനുഭവപ്പെട്ടത്. കാലത്ത് ഒൻപതരയോടെ പരിപാടിക്ക് തുടക്കമാവുമ്പോഴേയ്ക്കും പതിനായിരങ്ങൾ സന്നിഹിതരായിരുന്നു. ഹ്രസ്വമായ ഉദ്ഘാടന ചടങ്ങിനും ധനസഹായ വിതരണത്തിനും ശേഷം മുഖ്യമന്ത്രി ആമ്പുലൻസിലും മറ്റുമായി എത്തിയ രോഗികളായവരുടെ പരാതികളും അപേക്ഷകളും അവരുടെ അരികിലെത്തി സ്വീകരിച്ചു. പിന്നീട് പ്രായമായവർക്കും വികലാംഗർക്കുമായി ഒരുക്കിയ പ്രത്യേക ഇരിപ്പിടങ്ങളിലെത്തിയും അദ്ദേഹം പരാതികൾ ഏറ്റുവാങ്ങി. തുടർന്നാണ് പൊതുജനങ്ങളുടെ പരാതികൾ സ്വീകരിച്ചുതുടങ്ങിയത്.